പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4647 | 26/10/2016 ൽ മറുപടിക്ക്

## വെറ്ററിനറി ഉപകേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്:** | | **അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).** | |
| **എ)** | വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം റീജിയണൽ അനിമൽ ഹസ്ബൻഡറി സെന്ററിന് കീഴിലാക്കാനുള്ള നടപടി സ്വീകരിക്കുമോ; സർക്കാർ കെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന വെറ്ററിനറി ഉപ കേന്ദ്രങ്ങളുടെ എണ്ണമെത്ര വീതമാണെന്ന് അറിയിക്കുമോ; | **എ)** | നിലവിൽ വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം അതാത് മൃഗാശുപത്രികൾക്കാണ്. ഇവയുടെ നിയന്ത്രണം റീജിയണൽ അനിമൽ ഹസ്ബന്ററി സെന്ററിന് കീഴിലാക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. നിലവിലുള്ള വകുപ്പുതല കണക്കുകൾ പ്രകാരം 391 വെറ്ററിനറി കേന്ദ്രങ്ങൾ വാടക കെട്ടിടത്തിലും 211 എണ്ണം സർക്കാർ കെട്ടിടത്തിലും 733 എണ്ണം വാടക ഒഴിവായും പ്രവർത്തിക്കുന്നുണ്ട്. |
| **ബി)** | ഈ സാമ്പത്തിക വർഷം എത്ര വെറ്ററിനറി ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ പദ്ധതിയുണ്ട്; അവ ഏതെല്ലാം; വെറ്ററിനറി ഉപ കേന്ദ്രങ്ങളിൽ പ്രാഥമിക ചികിൽസയ്ക്കാവശ്യമായ വിരമരുന്നും മറ്റു മരുന്നുകളും ഗ്ലൗസും ലഭ്യമാക്കുമോ? | **ബി)** | ഒന്ന്. ഇടുക്കി പന്നിയാർകുട്ടി വെറ്ററിനറി സബ്സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ അനുമതി ആയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിന് പരമാവധി അഞ്ച് ലക്ഷം രൂപയും നവീകരണത്തിന് പരമാവധി മൂന്ന് ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതും ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൊമാറുന്നതുമാണ്. വെറ്ററിനറി ഉപകേന്ദ്രങ്ങളിൽ വിരമരുന്നും മറ്റു മരുന്നുകളും ഗ്ലൗസും ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ